-: ഭരണഭാഷ - മാതൃഭാഷ :-

# താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല

തിരുവല്ല പി.ഒ, പിൻ - 689 101, ഫോൺ നമ്പർ - 0469 2602494

Mail ID: thqhtvl@gmail.com

കത്ത് നം. ബി - ൧൦൪/2026

തീയതി:- 03.03.2026

## ടെണ്ടർ നോട്ടീസ്സ്

വിഷയം: തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി - KASP, RBSK, AK, JSSK, Medisep പദ്ധതികൾ പ്രകാരം ഒരു വർഷത്തേക്ക് ഈ **സ്ഥാപനത്തിൽ ലഭ്യമല്ലാത്ത സ്കാനിംഗുകളും മറ്റ് പ്രത്യേക പരിശോധനകളും** നടത്തുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലെത്തുന്ന രോഗികൾക്ക KASP, RBSK, AK, JSSK, Medisep പദ്ധതികൾ പ്രകാരം 2026 - 2027 സാമ്പത്തിക വർഷത്തേക്ക് ഈ **സ്ഥാപനത്തിൽ ലഭ്യമല്ലാത്ത സ്കാനിംഗുകളും മറ്റ് പ്രത്യേക പരിശോധനകളും** നടത്തുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ ഫോമുകൾ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ നിന്നും **ഇന്ന് മുതൽ 27.03.2026** വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാവുന്നതാണ്. ദർഘാസ്സ് ഫോം ആവശ്യമുള്ളവർ, ടെണ്ടർ ഫോമിന്റെ വിലയായ **Rs. 950/- (തൊള്ളായിരത്തി അൻപത് രൂപ മാത്രം), 18 ശതമാനം ജി എസ്സ് ടി തുകയും** ഓഫീസിൽ അടച്ച് ഫോമുകൾ കൈപ്പറ്റാവുന്നതാണ്. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ, സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല പേർക്ക് നിരതദ്രവ്യമായ **Rs. 11875/- (പതിനൊന്നായിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം)** ന്റെ ഡി ഡി സഹിതം മുദ്രവെച്ച കവറിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ **2026 മാർച്ച് 27, ഉച്ചയ്ക്ക് 12 മണി** വരെ സ്വീകരിക്കുന്നതാണ്. സമർപ്പിക്കുന്ന ടെണ്ടറിന്റെ പേര്/ഫയൽ നം. മുദ്ര വച്ച കവറിന് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

നിശ്ചിത തീയതിക്കകം ലഭിച്ച ടെണ്ടറുകൾ **2026 മാർച്ച് 28, ഉച്ചയ്ക്ക് 2 മണിക്ക്** ദർഘാസുകൾ നൽകിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെസ്റ്റുകൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതാണ്. ആവശ്യമായ ടെസ്റ്റുകളുടെ സ്കാനിംഗുകളുടെയും മറ്റ് പ്രത്യേക പരിശോധനകളുടെയും ലിസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

ദർഘാസ്സ് നോട്ടീസ്സ് റദ്ദ് ചെയ്യുന്നതിനും നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ടെൻഡർ ഉറപ്പിച്ചു നൽകിയ വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിച്ചിരിക്കുന്ന പ്രത്യേക ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രസ്തുത പരിശോധനകൾ അടുത്ത ഒരു വർഷക്കാലയളവിൽ നടത്തി നൽകേണ്ടതാണ്. ടെൻഡർ അംഗീകരിച്ച നിരക്കിൽ കൂടിയ തുകയ്ക്ക് പരിശോധനാ ബില്ലുകൾ അംഗീകരിക്കുന്നതല്ല

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്

താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല



File No. DMOH-PTA/1174/2026-B1 (Computer No. 824752)

Generated from eOffice by Roby Varghese, B1 DMOHPTA 4, B1 DMOHPTA, DISTRICT MEDICAL OFFICE (HEALTH), PATHANAMTHITTA on 09/03/2026 10:07 AM